**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 524** **09-11-2021 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ വിഷയം സംബന്ധിച്ച സുപ്രീം കോടതി ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി. ജെ. വിനോദ് | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച മൂലമാണ് ജലനിരപ്പ് 139.5 അടിയായി നിലനിർത്തണമെന്ന തമിഴ് നാട് സർക്കാരിന്റെ വാദം അംഗീകരിച്ചുകൊണ്ടുള്ള സുപ്രീം കോടതി ഉത്തരവ് ഉണ്ടായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന സർക്കാരിനു വീഴ്ച്ചയുണ്ടായി എന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച അസ്സൽ അന്യായം നം.3/2006-ലെ 07/05/2014-ലെ വിധിന്യായപ്രകാരം അണക്കെട്ടിലെ ജലനിരപ്പ് 142 അടി വരെ ഉയർത്തുന്നതിന് തമിഴ്നാടിന് അനുവാദമുണ്ട്. എന്നാൽ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള കേരളത്തിന്റെ ആശങ്കകളും ദൂരീകരിക്കപ്പെടേണ്ടതുണ്ട്. ഈ വിഷയത്തിലുള്ള കേരളത്തിന്റെ ആശങ്കകൾ ദൂരീകരിക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ തമിഴ്നാട് സർക്കാരിനോടും ബഹു. സുപ്രീം കോടതി നിയോഗിച്ച മേൽനോട്ട സമിതിയുടെ ചെയർമാനോടും, കേന്ദ്രസർക്കാരിനോടും, കേന്ദ്ര ജലകമ്മീഷനോടും യഥാസമയം ആവശ്യപ്പെട്ടിരുന്നു. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടൽ മൂലം 16/10/2021 മുതൽ മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 139 അടിയിൽ എത്തുന്നതിന് മുൻപേ തന്നെ തമിഴ്നാട് വൈഗ അണ ക്കെട്ടിലേയ്ക്ക് കൊണ്ടു പോകുന്ന ജലത്തിന്റെ അളവ് കൂട്ടുകയും ചെയ്തു. നിലവിലെ കാലാവസ്ഥയും, ഉയരുന്ന ജലനിരപ്പും കണക്കിലെടുത്തു കൊണ്ടും പ്രസ്തുത അണക്കെട്ട് ഭൂചലന തീവ്രത കൂടിയ മേഖലയിൽ ആയതിനാലും, ചുണ്ണാമ്പ്-സുർക്കി മിശ്രിതത്തിൽ നിർമ്മിച്ച 126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെ സംബന്ധിച്ച ആശങ്കയും പരിഗണിച്ച് ജലനിരപ്പ് കുറയ്ക്കുന്നതിനുള്ള ഉത്തരവുണ്ടാകണമെന്ന് ബഹു. കോടതിയിൽ 25/10/2021 തീയതിയിൽ പരിഗണിച്ച മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട ഡോ. |

ജോ ജോസഫ് സമർപ്പിച്ച റിട്ട് ഹർജി 880/2020 കേസിന്റെ വിചാരണ വേളയിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി 25/10/2021 തീയതിയിലെ ഉത്തരവ് പ്രകാരം മേൽനോട്ട സമിതി അടിയന്തരമായി യോഗം ചേർന്ന് മുല്ലപ്പെരിയാറിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളാനും കോടതിയെ അറിയിക്കാനും മേൽനോട്ടസമിതിയെ ചുമതലപ്പെടുത്തി. ഇതിൻ പ്രകാരം കേന്ദ്ര ജലകമ്മീഷൻ, ഡാം സേഫ്റ്റി മോണിറ്ററിംഗ് ഡയറക്ടറേറ്റ് ചീഫ് എഞ്ചിനീയർ അധ്യക്ഷനായ മേൽനോട്ട സമിതിയുടെ യോഗം 26/10/2021 തീയതിയിൽ ചേരുകയുണ്ടായി. അടുത്ത കാലത്തായി അടിക്കടി ഉണ്ടാകുന്ന അതിവർഷവും മുല്ലപ്പെരിയാർ അണക്കെട്ടിൽ അടുത്ത കാലത്തായി ചുരുങ്ങിയ സമയത്തിനു ള്ളിൽ ജലനിരപ്പ് 5-7 അടി വരെ ഉയർന്നിട്ടുള്ള അവസരങ്ങളും ഇടുക്കി ഡാമിലെ നിലവിലെ ഉയർന്ന സംഭരണനിരപ്പും, മുല്ലപ്പെരിയാർ ഡാമിന്റെ കാലപ്പഴക്കവും, തന്മൂലം മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ യെപ്പറ്റി കേരളത്തിലെ ജനങ്ങളുടെ ആശങ്കയും പരിഗണിച്ച് മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 137 അടി യായി നിലനിർത്തണമെന്നും, ടണൽ വഴി തമിഴ്നാട്ടിലേയ്ക്ക് കൊണ്ടു പോകുന്ന വെള്ളത്തിന്റെ അളവ് നിലവിലുള്ളതിൽ നിന്നും വർദ്ധിപ്പിച്ച് അണക്കെട്ടിലെ ജലനിരപ്പ് താഴ്ത്തി നിർത്തണമെന്നും പ്രസ്തുത യോഗത്തിൽ മേൽനോട്ട സമിതിയിലെ കേരളത്തിന്റെ പ്രതിനിധിയായ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടു. കേന്ദ്ര ജലകമ്മീഷനുമായി കൂടിയാലോചിച്ച് തമിഴ്നാട് തയ്യാറാക്കിയ കരട് റൂൾ ലെവൽ പാലിച്ചു കൊണ്ട് ജലനിരപ്പ് ക്രമീകരിക്കാവുന്നതാണെന്നു മേൽനോട്ട സമിതി ചെയർമാൻ ഏകപക്ഷീയമായി തീരുമാനിക്കുകയും ആയത് ടി യോഗത്തിന്റെ മിനിട്ട്സ് ആയി രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ 26/10/2021-ൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സിനോടുള്ള വിയോജിപ്പ് മേൽനോട്ടസമിതിയിലെ കേരളത്തിന്റെ പ്രതിനിധി കൂടിയായ ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി മേൽനോട്ട സമിതി ചെയർമാന് ലഭ്യമാക്കിയ 26/10/2021-ലെ കത്ത് മുഖേന അറിയിക്കുകയുണ്ടായി. തുടർന്ന് 28/10/2021 തീയതിയിൽ ഈ വിഷയത്തിൽ ബഹു. സുപ്രീം കോടതി വാദം കേൾക്കുകയും ബഹു. കോടതി 11/11/2021 തീയതിയിലേയ്ക്ക് തുടർ വിചാരണ മാറ്റുകയും, അതു വരെ വിദഗ്ധ സമിതി

| | | | |
|---|---|---|---|
| | | | സമയാസമയങ്ങളിലും മണിക്കൂറുകളുടെ ഇടവേളകളിലും സ്ഥിതിഗതികൾ നിരീക്ഷിക്കാനും ആവശ്യമെന്നു തോന്നുന്ന പക്ഷം ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ നൽകാവുന്നതാണെന്നും സമിതിയോട് ബഹു. സുപ്രീം കോടതി നിർദ്ദേശിക്കുകയാണുണ്ടായത്. |
| (ബി) | എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന സർക്കാരിനു വീഴ്ച്ചയുണ്ടായി എന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച അസ്സൽ അന്യായം നം.3/2006-ലെ 07/05/2014-ലെ വിധിന്യായപ്രകാരം അണക്കെട്ടിലെ ജലനിരപ്പ് 142 അടി വരെ ഉയർത്തുന്നതിന് തമിഴ്നാടിന് അനുവാദമുണ്ട്. എന്നാൽ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള കേരളത്തിന്റെ ആശങ്കകളും ദൂരീകരിക്കപ്പെടേണ്ടതുണ്ട്. ഈ വിഷയത്തിലുള്ള കേരളത്തിന്റെ ആശങ്കകൾ ദൂരീകരിക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ തമിഴ്നാട് സർക്കാരിനോടും ബഹു. സുപ്രീം കോടതി നിയോഗിച്ച മേൽനോട്ട സമിതിയുടെ ചെയർമാനോടും, കേന്ദ്രസർക്കാരിനോടും, കേന്ദ്ര ജലകമ്മീഷനോടും യഥാസമയം ആവശ്യപ്പെട്ടിരുന്നു. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടൽ മൂലം 16/10/2021 മുതൽ മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 139 അടിയിൽ എത്തുന്നതിന് മുൻപേ തന്നെ തമിഴ്നാട് വൈഗ അണ ക്കെട്ടിലേയ്ക്ക് കൊണ്ടു പോകുന്ന ജലത്തിന്റെ അളവ് കൂട്ടുകയും ചെയ്തു. നിലവിലെ കാലാവസ്ഥയും, ഉയരുന്ന ജലനിരപ്പും കണക്കിലെടുത്തു കൊണ്ടും പ്രസ്തുത അണക്കെട്ട് ഭൂചലന തീവ്രത കൂടിയ മേഖലയിൽ ആയതിനാലും, ചുണ്ണാമ്പ്-സുർക്കി മിശ്രിതത്തിൽ നിർമ്മിച്ച 126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെ സംബന്ധിച്ച ആശങ്കയും പരിഗണിച്ച് ജലനിരപ്പ് കുറയ്ക്കുന്നതിനുള്ള ഉത്തരവുണ്ടാകണമെന്ന് ബഹു. കോടതിയിൽ 25/10/2021 തീയതിയിൽ പരിഗണിച്ച മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട ഡോ. ജോ ജോസഫ് സമർപ്പിച്ച റിട്ട് ഹർജി 880/2020 കേസിന്റെ വിചാരണ വേളയിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി 25/10/2021 തീയതിയിലെ ഉത്തരവ് പ്രകാരം മേൽനോട്ട സമിതി അടിയന്തരമായി യോഗം ചേർന്ന് മുല്ലപ്പെരിയാറിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളാനും കോടതിയെ അറിയിക്കാനും മേൽനോട്ടസമിതിയെ ചുമതലപ്പെടുത്തി. ഇതിൻ പ്രകാരം കേന്ദ്ര |

| | | | |
|---|---|---|---|
| | | | ജലകമ്മീഷൻ, ഡാം സേഫ്റ്റി മോണിറ്ററിംഗ് ഡയറക്ടറേറ്റ് ചീഫ് എഞ്ചിനീയർ അധ്യക്ഷനായ മേൽനോട്ട സമിതിയുടെ യോഗം 26/10/2021 തീയതിയിൽ ചേരുകയുണ്ടായി. അടുത്ത കാലത്തായി അടിക്കടി ഉണ്ടാകുന്ന അതിവർഷവും മുല്ലപ്പെരിയാർ അണക്കെട്ടിൽ അടുത്ത കാലത്തായി ചുരുങ്ങിയ സമയത്തിനു ള്ളിൽ ജലനിരപ്പ് 5-7 അടി വരെ ഉയർന്നിട്ടുള്ള അവസരങ്ങളും ഇടുക്കി ഡാമിലെ നിലവിലെ ഉയർന്ന സംഭരണനിരപ്പും, മുല്ലപ്പെരിയാർ ഡാമിന്റെ കാലപ്പഴക്കവും, തന്മൂലം മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ യെപ്പറ്റി കേരളത്തിലെ ജനങ്ങളുടെ ആശങ്കയും പരിഗണിച്ച് മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 137 അടി യായി നിലനിർത്തണമെന്നും, ടണൽ വഴി തമിഴ്നാട്ടിലേയ്ക്ക് കൊണ്ടു പോകുന്ന വെള്ളത്തിന്റെ അളവ് നിലവിലുള്ളതിൽ നിന്നും വർദ്ധിപ്പിച്ച് അണക്കെട്ടിലെ ജലനിരപ്പ് താഴ്ത്തി നിർത്തണമെന്നും പ്രസ്തുത യോഗത്തിൽ മേൽനോട്ട സമിതിയിലെ കേരളത്തിന്റെ പ്രതിനിധിയായ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടു. കേന്ദ്ര ജലകമ്മീഷനുമായി കൂടിയാലോചിച്ച് തമിഴ്നാട് തയ്യാറാക്കിയ കരട് റൂൾ ലെവൽ പാലിച്ചു കൊണ്ട് ജലനിരപ്പ് ക്രമീകരിക്കാവുന്നതാണെന്നു മേൽനോട്ട സമിതി ചെയർമാൻ ഏകപക്ഷീയമായി തീരുമാനിക്കുകയും ആയത് ടി യോഗത്തിന്റെ മിനിട്ട്സ് ആയി രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ 26/10/2021-ൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സിനോടുള്ള വിയോജിപ്പ് മേൽനോട്ടസമിതിയിലെ കേരളത്തിന്റെ പ്രതിനിധി കൂടിയായ ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി മേൽനോട്ട സമിതി ചെയർമാന് ലഭ്യമാക്കിയ 26/10/2021-ലെ കത്ത് മുഖേന അറിയിക്കുകയുണ്ടായി. തുടർന്ന് 28/10/2021 തീയതിയിൽ ഈ വിഷയത്തിൽ ബഹു. സുപ്രീം കോടതി വാദം കേൾക്കുകയും ബഹു. കോടതി 11/11/2021 തീയതിയിലേയ്ക്ക് തുടർ വിചാരണ മാറ്റുകയും, അതു വരെ വിദഗ്ധ സമിതി സമയാസമയങ്ങളിലും മണിക്കൂറുകളുടെ ഇടവേളകളിലും സ്ഥിതിഗതികൾ നിരീക്ഷിക്കാനും ആവശ്യമെന്നു തോന്നുന്ന പക്ഷം ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ നൽകാവുന്നതാണെന്നും സമിതിയോട് ബഹു. സുപ്രീം കോടതി നിർദ്ദേശിക്കുകയാണുണ്ടായത്. |
| (സി) | മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാനം സ്വീകരിച്ച് വന്നിരുന്ന സുദൃഢമായ നിലപാടിൽ അയവ് | (സി) | മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാനം സ്വീകരിച്ച് വന്നിരുന്ന നിലപാടുകളിൽ യാതൊരു അയവും വരുത്തിയിട്ടില്ല. മുല്ലപ്പെരിയാർ വിഷയത്തിൽ |

| | | | |
|---|---|---|---|
| | വരുത്തിയത് മൂലമാണോ സുപ്രീംകോടതി ഉത്തരവ് തമിഴ് നാടിന് അനുകൂലമായതെന്ന് വ്യക്തമാക്കുമോ? | | കേരളത്തിനുള്ള ആശങ്കകൾ കേന്ദ്രസർക്കാരിന്റെയും സുപ്രീം കോടതി നിയോഗിച്ച മേൽനോട്ട സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും യഥാസമയം സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച അസ്സൽ അന്യായം നം.3/2006-ലെ 07/05/2014-ലെ വിധിന്യായപ്രകാരം അണക്കെട്ടിലെ ജലനിരപ്പ് 142 അടി വരെ ഉയർത്തുന്നതിന് തമിഴ്നാടിന് അനുവാദമുണ്ടായെന്നിരിക്കെ നിലവിലെ കാലാവസ്ഥയും ഉയരുന്ന ജലനിരപ്പും കണക്കിലെടുത്ത് ബഹു.സുപ്രീം കോടതി 28/10/2021ലെ ഇടക്കാല ഉത്തരവിൽ വിദഗ്ധ സമിതി സമയാസമയങ്ങളിലും മണിക്കൂറുകളുടെ ഇടവേളകളിലും സ്ഥിതിഗതികൾ നിരീക്ഷിക്കാവുന്നതാണെന്നും ആവശ്യമെന്നു തോന്നുന്ന പക്ഷം ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ നൽകാവുന്നതാണെന്നും സമിതിയോട് നിർദ്ദേശിക്കുകയും, തമിഴ്നാട് ബഹു. സുപ്രീം കോടതി മുമ്പാകെ സമർപ്പിച്ച റൂൾ കർവ് സംബന്ധിച്ച നേർ സമീപനം എന്താകണമെന്ന് കേരളം അറിയിക്കണമെന്നുമായിരുന്നു സുപ്രീം കോടതി ഉത്തരവ്. മുൻ കാലങ്ങളിൽ സുപ്രീം കോടതി എടുത്തിരുന്ന തീരുമാനത്തിൽ നിന്നും വ്യത്യസ്തമായ രീതിയിലാണ് കേരളത്തിന്റെ ആശങ്കകൾ ഉൾക്കൊണ്ടു കൊണ്ട് ടി ഉത്തരവ് നൽകിയിരിക്കുന്നത്. മുല്ലപ്പെരിയാറിന്റെ സുരക്ഷ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കകൾ കോടതി മുമ്പാകെ കൊണ്ടു വരാനുള്ള അവസരം ഇതു മൂലം സർക്കാരിന് ലഭിച്ചു. |

സെക്ഷൻ ഓഫീസർ